Boolokam Religion christianity

ലവ് ജിഹാദ് വിഷയത്തിൽ ക്ലാരിറ്റി വരുത്താനായി സീറോമലബാർ സഭുടെ സിനഡിനോടും, സഭയോടും ചില ചോദ്യങ്ങൾ

By ബൂലോകം - January 20, 2020 202

Facebook Twitter Pinterest +

Jomol Joseph

ക്രിസ്ത്യൻ പെണ്ണുങ്ങളും ലൗ ജിഹാദും.

വിദേശത്തുനിന്നും ക്രിസ്ത്യൻ മിഷണറിമാർ കടലുകടന്ന് ഭാരതത്തിൽ വന്ന്, ഇവിടുണ്ടായിരുന്ന അക്രൈസ്തവരായ മനുഷ്യരെ മാമോദീസ മുക്കി ക്രിസ്ത്യാനികളാക്കിക്കൊണ്ട് തന്നെയാണ് ക്രിസ്ത്യൻ സഭ ഭാരതത്തിലുണ്ടായത്. ഇങ്ങനെ ക്രിസ്ത്യാനികളായ കുടുംബങ്ങളിലെ ആണുങ്ങൾ മറ്റുമതങ്ങളിൽ പെട്ട പെൺകുട്ടികളെ പ്രേമിച്ച് വിവാഹം ചെയ്യുമ്പോൾ ആ പെൺകുട്ടികളെ ക്രിസ്ത്യാനികളാക്കാൻ സഭ പ്രത്യേക താൽപര്യം കാണിച്ചിരുന്നു. ആ പെൺകുട്ടികൾക്ക് അവരുടെ മതമുപേക്ഷിക്കാതെ വേറെ വഴികളൊന്നുമില്ലതാനും. ഇതുപോലെ തന്നെ, ക്രിസ്ത്യൻ പെൺകുട്ടികളുടെ കാര്യത്തിൽ നടക്കണമെന്ന് സഭ വാശി പിടിച്ചിട്ട് വലിയ ഗുണമൊന്നും കിട്ടിയിട്ടില്ല, കാരണം ക്രിസ്ത്യൻ പെൺകുട്ടികൾ മറ്റുമതങ്ങളിൽ പെട്ട പുരുഷൻമാരെ പ്രേമിച്ച് വിവാഹം ചെയ്യുമ്പോൾ, ആ പുരുഷൻമാരുടെ മതം സ്വീകരിക്കേണ്ട അവസ്ഥയാണ് പെൺകുട്ടികൾക്ക്. ഇത് ക്രിസ്ത്യൻ പെൺകുട്ടികളുടെ മാത്രം വിഷയമല്ല, പുരുഷമേധാവിത്വം പിന്തുടർച്ചാവകാശമായി കൊണ്ടുനടക്കുന്ന എല്ലാ മതങ്ങളിലും ഇതാണ് അവസ്ഥ. പ്രണയിച്ച് വിവാഹം കഴിക്കുമ്പോൾ, ഭർത്താവിന്റെ മതം സ്വീകരിക്കാനും തന്റെ മതമുപേക്ഷിക്കാനും വിധിക്കപ്പെടുന്ന പാവം മതജീവികൾ മാത്രമാണ് എല്ലാ മതങ്ങളിലും പെട്ട സ്ത്രീകൾ.

ഇനി വിഷയത്തിലേക്ക് വരാം, കഴിഞ്ഞ ദിവസം അവസാനിച്ച സീറോ മലബാർ സഭയുടെ സിനഡിൽ സഭയിലെ പെൺകുട്ടികളെ ലൗ ജിഹാദിന് വിധേയമാക്കി മുസ്ലീം തീവ്ര ആശയങ്ങളുടെ വക്താക്കൾ തട്ടിക്കൊണ്ടുപോകുന്നു എന്നതാണ് സഭാ സിനഡിന്റെ കണ്ടെത്തൽ. ഇതിൽ ക്ലാരിറ്റി വരുത്താനായി സീറോമലബാർ സഭുടെ സിനഡിനോടും, സഭയോടും ചില ചോദ്യങ്ങൾ..

1. സിനഡിന്റെ വാർത്താക്കുറിപ്പിൽ പറയുന്ന ലൗ ജിഹാദിന് ഇരയായി ISIS ലേക്ക് പോയ ക്രിസ്ത്യൻ പെൺകുട്ടികൾ ആരൊക്കെ?
2. അവരുടെ പേരും അഡ്രസ്സും പറയാൻ സഭ തയ്യാറാണോ?
3. ആ പെൺകുട്ടികളെ ലൗ ജിഹാദിന് ഇരയാക്കിയ മുസ്ലീം പുരുഷൻമാർ ആരൊക്കെ?
4. അവരുടെ പേരും അഡ്രസ്സും പറയാൻ സഭ തയ്യാറാണോ?
5. രാജ്യത്തെ ജനങ്ങളേയും സഭാമക്കളേയും നേരിട്ടു ബാധിക്കുന്ന പൗരത്വ നിയമ വിഷയത്തിൽ സിനഡിൽ ചർച്ച നടന്നോ?
6. പൗരത്വ നിയമ ഭേദഗതി സംബന്ധിച്ച് വല്ല ആശങ്കളും സഭാസിനഡ് പുറപ്പെടുവിച്ച പത്രക്കുറുപ്പിലോ, പ്രസ്താവനകളിലോ കണ്ടിരുന്നോ?
7. രാജ്യത്തെ സമ്പദ്ഘടന തകർന്നടിയുന്നതിലും, തൊഴിൽനഷ്ടം സംഭവിക്കുന്നതിലും സഭാസിനഡ് അഭിപ്രായം വല്ലതും പറഞ്ഞോ?
8. മാസങ്ങളായി കാശ്മീരി ജനത അനുഭവിക്കുന്ന നീതിനിഷേധത്തിൽ സഭാ സിനഡ് വേവലാതിപ്പെട്ടോ?
9. രാജ്യത്തെ കലാലയങ്ങളിൽ നടക്കുന്ന പോലീസ് ഭീകരതയെ കുറിച്ച് സഭ ചർച്ചചെയ്തോ?
   ഇവിടെ മറ്റൊരു വിഷയം കൂടി നമ്മൾ കാണേണ്ടതുണ്ട്. കഴിഞ്ഞദിവസം സംസ്ഥാനത്ത് ബിജെപി ആരംഭിച്ച പൗരത്വനിയമ ഭേദഗതിക്ക് അനുകൂലമായ പ്രചരണം ഉദ്ഘാടനം ചെയ്തത് ആരാണ്? അത് ഈ പോസ്റ്റിനൊപ്പം പങ്കുവെക്കുന്ന ചിത്രം കണ്ടാൽ സഭാവിശ്വാസികൾക്കും നാട്ടുകാർക്കും ബോധ്യപ്പെടും.

അപ്പോൾ സഭയുടെ യഥാർത്ഥവിഷയം എന്താണ്? രാജ്യത്തെ ജനങ്ങളെയോ, സഭാവിശ്വാസികളേയോ നേരിട്ട് ബാധിക്കുന്ന വിഷയങ്ങളെ സഭ അഡ്രസ്സ് ചെയ്യാൻ തയ്യാറാകാതെ, എന്തിന് സഭ ബിജെപിക്കൊപ്പം നിലകൊള്ളണം?

വിഷയം സിമ്പിളാണ്, കൊള്ളയും തീവെട്ടികൊള്ളയും നടത്തുന്ന സഭക്ക് കേന്ദ്രസർക്കാർ ഏജൻസികളെ പേടിക്കേണ്ടിയിരിക്കുന്നു. എൻഫോഴ്സ്മെന്റിനെയും, ഇൻകം ടാക്സിനെയും ചൂണ്ടിക്കാണിച്ച് പേടിപ്പിക്കുന്ന ബിജെപിയോടൊപ്പം നിൽക്കാൻ സഭാ നേതാക്കൾ തയ്യാറായില്ലേൽ, സഭാനേതാക്കളുടെയും അവരുടെ ബന്ധുക്കളുടേയും സ്ഥാവര ജംഗമ വസ്തുക്കളിലേക്ക് ഒരു അന്വേഷണം വന്നാൽ, ഇന്നത്തെ പല സഭാനേതാക്കളും തട്ടിപ്പുകാരാണെന്നും കള്ളൻമാരാണെന്നുമുള്ള സത്യം ലോകമറിയും. അതോടെ സഭാവിശ്വാസികൾക്ക് സഭാനേതൃത്വത്തിലുള്ള വിശ്വാസം നഷ്ടപ്പെടും. അതോടെ ഇവരുടെ നിലനിൽപ്പ് തന്നെ ഇല്ലാതാകും.

അകത്ത് പോകാൻ തക്ക വിധത്തിൽ കേസുണ്ടായതുകൊണ്ട് ആലഞ്ചേരിക്ക് ബിജെപിയുടെ ഭാഷയിലേ സംസാരിക്കാനാകൂ. പക്ഷെ വിശ്വാസികൾക്ക് ആ ഭാഷ ഏറ്റുപിടിക്കേണ്ട കാര്യമുണ്ട് എന്ന് തോന്നുന്നില്ല.
ക്രിസ്ത്യൻ പെമ്പിള്ളേരെ മുസ്ലീം ചെക്കൻമാർ വിവാഹം കഴിച്ചാൽ അത് ലൗജിഹാദ്, ക്രിസ്ത്യൻ ചെക്കൻമാർ മറ്റുമതങ്ങളിൽ പെട്ട പെൺകുട്ടികളെ വിവാഹം കഴിച്ചാൽ അത് സുവിശേഷപ്രവർത്തനം!! മതവും ജാതിയും നോക്കാതെ പരസ്പരം വിവാഹം കഴിക്കുന്നത് ഒരു പുരോഗമന സമൂഹത്തിന്റെ ലക്ഷണമാണ്, കാലം പുരോഗതിയിലേക്ക് നീങ്ങുമ്പോൾ മതങ്ങൾ കെട്ടിപ്പൊക്കിയ സകല മതിലുകളും സ്നേഹത്തിനും മനുഷ്യത്വത്തിനും വിലകൊടുക്കുന്ന മനുഷ്യർ തകർത്തെറിയും.

സമൂഹം ഒറ്റക്കെട്ടായി നിന്ന് രാജ്യത്തെ മതവൽക്കരിക്കുന്നതിനെ, രാജ്യത്തെ കൂട്ടിച്ചോറാക്കുന്നതിനെ എതിർക്കുമ്പോൾ, ഇസ്ലാമോഫോബിയക്കെതിരായ നിലപാട് സ്വീകരിക്കുമ്പോൾ ഇമ്മാതിരി കന്നംതിരിവ് കാണിക്കാൻ സിനഡിന് കഴിഞ്ഞതോർക്കുമ്പോൾ സഭാനേതൃത്വത്തോട് ഒന്നേ പറയാനുള്ളൂ, "അന്യന്റെ വിയർപ്പെടുത്ത് നക്കാതെ, പോയി പണിയെടുത്ത് ജീവിക്കെടോ മരയൂളകളേ"..

3 Comments Sort by Newest

Add a comment...

Jojo Nick
You think these Morons whith the Red Toppi have time to take care of the common man?? NO
Like · Reply · 31w

Lenin Kollesheril
Paranarikal BJP
Like · Reply · 31w

Muhammed Kunhi
ഭർത്താവ്=ഭരിക്കുന്നവൻ, ഭാര്യ=ഭരിക്കപ്പെടുന്നവൾ, എന്നിങ്ങനെയാണാ വാക്കുകളുടെ അർത്ഥമെങ്കിൽ, അവിടെ തുടങ്ങണം ഒരു മാറ്റത്തിന്റെ കാഹളം. തെറ്റുകൾ ഒരിര പോലെ ആദ്യം അതിന്റെ ഉപജ്ഞാതാവ് എറിഞ്ഞിട്ടു കൊടുക്കും. അതു വിജയം കണ്ടാൽ അവർ അടുത്ത പടിയിലേക്കു കടക്കും. ക്രമേണ അവർ കാര്യങ്ങൾ വരുതിയിലുമാക്കും. അതിനാൽ തെറ്റുകൾ തുടങ്ങിയ ഇടത്തു നിന്നും വേണം ആദ്യം പിഴുതെറിയാൻ. എന്നാൽ ഇസ്ലാം മതം അതു പഠിച്ചവർക്കറിയാം, ദമ്പതികൾക്കതിൽ തുല്യ അവകാശമാണെന്ന്.പദപ്രയോഗങ്ങൾ കൊണ്ട് മാത്രമല്ല, കരാർ വ്യവസ്ഥകൾ കൊണ്ട് പോലും. എന്നാൽ അല്പം സ്വാതന്ത്ര്യം കൂടുതൽ,താരതമ്യേന ഇണകളിൽ പരസ്പരം മാറി മാറി നൽകിയിട്ടുമുണ്ട്.ഉദാഹരണത്തിന്, ദമ്പതികളിൽ സാമ്പത്തിക ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടത് പുരുഷനെയാണ്,ആ വിഷയത്തിലുള്ള ശ്രേഷ്ഠം പദവി അവർക്കു നൽകപ്പെടുമ്പോൾ, മക്കൾക്ക് ബാദ്ധ്യത കൂടുതൽ
ശ്രദ്ധ ചെലുത്തേണ്ട വിഷയത്തിൽ മാതാവിനോടുമാണ്.പൂകൃതി പരമായ ഈയൊരു തരം തിരിവല്ലാതെ അനീതി അതിൽ കാണാൻ സാദ്ധ്യവുമല്ല
Like · Reply · 31w

Facebook Comments Plugin

Share this:

Share 332 Tweet WhatsApp Email More

Like this:

Loading...

Related

ടിപ്പു സുൽത്താൻ ആർത്താറ്റ് പള്ളിയിൽ
February 4, 2020
In "Boolokam"

അടിവസ്ത്രമഴിച്ചുള്ള ആർത്തവ പരിശോധന
February 14, 2020
In "Boolokam"

ഉളുപ്പുണ്ടോടോ ഫിറോസേ നിനക്ക്?
October 15, 2019
In "Boolokam"

TAGS Cardinal George Alencherry. isis Jomol Joseph Love Jihad love jihad and syro malabar church syro malabar church

Previous article
ലൗജിഹാദും' സീറോ സഭയുടെ വിശുദ്ധ സുന്നഹദോസ് പ്രമേയവും

Next article
ഗവർണ്ണർ പദവി തന്നെ എടുത്തുകളയണം, സാമ്പത്തിക മാന്ദ്യകാലത്ത് ഈ അധിക ചിലവ് ഒഴിവാക്കണം

ബൂലോകം

https://boolokam.com

ഇന്ത്യയിലെ ആദ്യത്തെ ബ്ലോഗ് പേപ്പർ & നമ്പർ വൺ സിറ്റിസൺ ജേർണലിസം പോർട്ടൽ. ഇവിടെ പ്രസിദ്ധീകരിക്കപ്പെടുന്ന ലേഖനങ്ങളും കമന്റുകളും ബൂലോകത്തിന്റെ അഭിപ്രായങ്ങളല്ല.അവയുടെ പൂർണ ഉത്തരവാദിത്തം രചയിതാവിനായിരിക്കും. കേന്ദ്ര സർക്കാരിന്റെ ഐടി നയപ്രകാരം വ്യക്തി, സമുദായം, മതം, രാജ്യം എന്നിവയ്ക്കെതിരായി അധിക്ഷേപങ്ങളും അശ്ലീല പദപ്രയോഗങ്ങളും നടത്തുന്നത് ശിക്ഷാർഹമായ കുറ്റമാണ്.

RELATED ARTICLES MORE FROM AUTHOR

മുലകൾ ; എനിക്കും അവർക്കും

ഇസ്ലാമിക് സ്റ്റേറ്റ്, തമിഴ് പുലി, പോലുള്ള ഒരു തീവ്രവാദി തന്നെയാണ് നമുക്കിടയിൽ ഉള്ള രാഖി കെട്ടിയ കൈയുടെ ഉടമസ്ഥർ എന്ന സത്യം തിരിച്ചറിയാൻ വൈകരുത്

എർദോഗാന്റെ സർക്കാർ ഐസി സിന് ആയുധം അയച്ചു കൊടുത്ത സംഭവം വെളിച്ചത്തു കൊണ്ടുവന്ന ആർസു യിൽദിസ് എന്ന മാധ്യമ പ്രവർത്തകയ്ക്ക് അനുഭവിക്കേണ്ടിവന്നത്

Recent Posts

സ്ത്രീകളുടെ വിവാഹം പ്രായം 21 വയസാക്കി ഉയർത്തുവാനുള്ള കേന്ദ്ര സർക്കാർ നീക്കം പ്രശംസനീയവും സ്വാഗതാർഹവുമാണ്
August 26, 2020

റഫാൽ യുദ്ധവിമാനങ്ങൾ വിപണിയിൽ വൻപരാജയമെന്ന് വിദഗ്ധർ
August 26, 2020

കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ
August 26, 2020

മരണവ്യാപാരികൾ എന്ന പ്രയോഗം ഞാൻ ഇതുവരെ ഉപയോഗിച്ചിട്ടില്ല,, എന്നാൽ ഇന്ന് ആ ലേബൽ പ്രതിപക്ഷത്തിന് ചാർത്തിക്കൊടുക്കാതെ നിർവ്വാഹമില്ല
August 26, 2020

ഒരു കിലോഗ്രാം എങ്ങനെ ഒരു കിലോഗ്രാമായി ? (കിലോഗ്രാമിന്റെ ചരിത്രം)
August 26, 2020

സംബന്ധവും സ്മാർത്തവിചാരവും
August 26, 2020

ഒരു മതപുരോഹിതന് ശാസ്ത്രജ്ഞനാകാനാവുമോ ?
August 26, 2020

ചുവന്ന നാടകളിൽ കുടുങ്ങി കിടന്ന പഴയ ഫയൽ സംവിധാനങ്ങളെ നമ്മൾ ആധുനീകരിച്ചിട്ട് വർഷം ആറ് കഴിഞ്ഞു
August 26, 2020

ഇതേത് കോത്താഴത്തെ നാടാണ് ? ഒരു സ്ത്രീയെ സഹായിച്ചതിന് പോസ്റ്റ്മാനും കുടുംബവും അനുഭവിക്കുന്ന യാതന ചില്ലറയല്ല
August 26, 2020

മലയാളത്തിൽ നിന്ന് ഉത്ഭവിച്ച ലോകോത്തര നിലവാരമുള്ള സിനിമയാണ് ആർട്ടിസ്റ്റ്
August 26, 2020

പ്രശാന്ത് ഭൂഷൺ! എന്തൊരു മനുഷ്യനാടോ താങ്കൾ !
August 26, 2020

ലോകത്തെ ഏറ്റവും ദൈർഘ്യമേറിയ ബസ് യാത്രയ്ക്ക് തയ്യാറാണോ ?
August 26, 2020

ആർത്തവരക്തം പുരണ്ട ആ പട്ടുതൂവാല
August 26, 2020

സെക്രട്ടറിയേറ്റിനു തീ പിടിച്ചാൽ ഫയൽ കത്തുമോ?
August 26, 2020

കനേഡിയൻ മീൻപിടിത്തക്കാരന് കടലിൽ നിന്ന് ലഭിച്ച വിചിത്രമായ ജീവി
August 26, 2020

ഒരു മാധ്യമത്തിനെതിരെ യൂട്യൂബിന്റെ അപൂർവ്വ നടപടി, ഇത് അനിവാര്യം
August 26, 2020

സ്വന്തം അറിവിനും കഴിവിനും തക്ക സാമ്പത്തിക മുന്നേറ്റങ്ങൾ ജീവിതത്തിൽ നേടാൻ കഴിയാത്തവരാണ് സാമൂഹിക വിമർശകരായി മാറുന്നത്
August 26, 2020

സാങ്കേതിക ലോകം ഉറുമ്പുകളുടെ പിറകേ പോകാൻ തുടങ്ങിയിട്ടും ഉറുമ്പുകളെ അനുകരിക്കാൻ തുടങ്ങിയിട്ടും അധികകാലം ആയിട്ടില്ല
August 25, 2020

സോപ്പിട്ട് , മാസ്ക്കിട്ട്, ഗ്യാപ്പിട്ട പുതിയ ഓണത്തിൽ പഴയ ഓർമ
August 25, 2020

വികസനം സർ സി പിയിൽനിന്ന് പിണറായി വിജയനിലേക്ക്
August 25, 2020

EDITOR PICKS

മരണവ്യാപാരികൾ എന്ന പ്രയോഗം ഞാൻ ഇതുവരെ ഉപയോഗിച്ചിട്ടില്ല,, എന്നാൽ ഇന്ന് ആ ലേബൽ പ്രതിപക്ഷത്തിന്...
August 26, 2020

സഭയിൽ വ്യക്തമായ ഭൂരിപക്ഷം ഉള്ള സർക്കാരിന് എതിരെ അവിശ്വാസ പ്രമേയം എന്ന പ്രഹസനം നടത്തുന്നതിന്...
August 25, 2020

മോദിയുടെ മയിലും സ്വപ്നയുടെ മുലയും പ്രശാന്ത് ഭൂഷൻറെ ധീരതയും ഫോക്കസ് ചെയ്യുന്നതിനിടയിൽ മാധ്യമങ്ങളും നമ്മളും...
August 24, 2020

POPULAR POSTS

'കണ്ണൂരിൽ സ്ത്രീധനം എന്ന പരിപാടിയേ ഇല്ല; പോറ്റാൻ കഴിയുന്നവൻ കെട്ടിയാൽ മതി
August 16, 2019

ആക്സിഡന്റെന്ന് എഴുതിത്തള്ളിയ കൊലപാതകത്തിന്റെ വീഡിയോ
May 21, 2019

ഗർഭിണിയുടെ നിറവയർ തൊട്ടു ഇലക്ഷൻ പ്രചാരണം നടത്തിയ സുരേഷ് ഗോപിക്കൊരു തുറന്ന കത്ത്
April 21, 2019

POPULAR CATEGORY

Boolokam	6184
Opinion	3478
Criticism	2989
Video	2297
Weird News	1453
Stories	1310
Health	1110
Entertainment	1041
Photo Gallery	922

boolokam

ABOUT US

FOLLOW US

الجامعة التي تجعلك تجد شد